(സി) കെ. എൽ. ഡി. ബോർഡിന്റെ പ്രവർത്തനത്തിൽ കാതലായ കുറവുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ ലാഭകരമാക്കുന്നതിലേക്കായി ഒരു വിശകലനം, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെക്കൊണ്ട് നടത്തിവരുന്നുണ്ട്.

(ഡി) ക്ഷീരവികസന മേഖലയിൽ നിന്ന് ബോർഡിനെ മാറ്റിനിർത്തുന്നതിനുള്ള നീക്കമൊന്നും തന്നെയില്ല.

മൃഗസംരക്ഷണ വകുപ്പിന് ആവശ്യമായ ദ്രവനൈട്രജൻ

*4 [64] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
,, എ. സുജനപാൽ :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന് ഒരു വർഷം എത്ര ടൺ ദ്രവനൈട്രജൻ ആവശ്യമായി വരും;

(ബി) ഇത് സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചിരുന്നോ;

(സി) ഇതിന്റെ ഉൽപ്പാദനം ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ദ്രവനൈട്രജൻ ഉൽപ്പാദനം നിർത്തിയ ശേഷം ഇത് വാങ്ങുന്നതിന് എന്ത് ചെലവ് വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ദ്രവനൈട്രജന്റെ മൊത്തം വാർഷിക ആവശ്യകത 7 ലക്ഷം ലിറ്ററോളം വരും. അതിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കൃത്രിമ ബീജധാന കേന്ദ്രങ്ങൾക്ക് മാത്രം ഒരു വർഷം ഏതാണ്ട് 2.6 ലക്ഷം ലിറ്റർ ദ്രവനൈട്രജൻ ആവശ്യമായി വരും.

(ബി) 2001-2002 വർഷം വരെയും ആവശ്യമുള്ള ദ്രവനൈട്രജന്റെ ഭൂരിഭാഗവും സംസ്ഥാനത്ത് കെ. എൽ. ഡി. ബോർഡ് ഉൽപ്പാദിപ്പിച്ചിരുന്നു. 2001-2002 മുതൽ ഇത് വാർഷിക കരാറടിസ്ഥാനത്തിൽ വാങ്ങി തുടങ്ങി.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

1. കെ. എൽ. ഡി. ബോർഡിന്റെ ദ്രവനൈട്രജൻ പ്ലാന്റുകൾ അധികവും 20 വർഷത്തിനുമേൽ പഴക്കമുള്ളവയായിരുന്നു. കാലാന്തരത്തിലുള്ള തേയ്മാനഫലമായി ഇവയുടെ ഉൽപ്പാദനക്ഷമത ഗണ്യമായി കുറഞ്ഞുവന്നു. ഇവയുടെ പ്രവർത്തനത്തിനു വേണ്ട പല പ്രധാന സ്പെയർപാർട്ടുകളും ഇൻഡ്യയിലും ഇവയുടെ ഉൽപ്പാദക രാജ്യങ്ങളിലും ലഭ്യമല്ലാതായി. ലഭ്യമായവയ്ക്ക് തന്നെ ഭീമമായ വില നൽകേണ്ടിയും വന്നു. ആയതിനാൽ പല സ്പെയർപാർട്ടുകളും തദ്ദേശീയമായി നിർമ്മിച്ച് ഈ പ്ലാന്റുകൾ നടത്തേണ്ട ഒരവസ്ഥ സംജാതമായി.

2. വ്യാവസായികാടിസ്ഥാനത്തിൽ ദ്രവനൈട്രജൻ ലഭ്യമാക്കുവാൻ സംസ്ഥാനത്തിനകത്ത് വാതക ഉൽപ്പാദക ഏജൻസികളില്ലായിരുന്നതിനാൽ നഷ്ടം സഹിച്ചും പ്ലാന്റുകൾ പ്രവർത്തിക്കേണ്ട അവസ്ഥയുണ്ടായി.

3. കാലാകാലങ്ങളിൽ ഉണ്ടായ വൈദ്യുതി നിരക്കിലെ ഭീമമായ വർദ്ധനവ് ദ്രവനൈട്രജന്റെ ആഭ്യന്തര ഉൽപ്പാദന ചെലവ് ക്രമാതീതമായി ഉയർത്തി.

4. ദ്രവനൈട്രജന്റെ ആഭ്യന്തര ഉൽപ്പാദനത്തിനു വേണ്ട ചെലവുമായി താരതമ്യം ചെയ്യുമ്പോൾ അയൽ സംസ്ഥാനങ്ങളിൽ പുതുതായി നിലവിൽ വന്ന വാതക ഉൽപ്പാദക ഏജൻസികളിൽ നിന്നും വാങ്ങുന്നതാണ് ലാഭം എന്നു കണ്ടു.

(ഇ) ദ്രവനൈട്രജൻ ഉൽപ്പാദനം നിർത്തിയ ശേഷം ഇതു വാങ്ങുന്നതിന് 2001-02 മുതൽ 2003 സെപ്റ്റംബർ വരെ ആകെ 65,61,521.46 രൂപ ചെലവായിട്ടുണ്ട്.

കൊക്കകോള ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള അനുമതി

*5 [65] ശ്രീ. വി. ഡി. സതീശൻ :
,, കെ. എ. ചന്ദ്രൻ :
,, സി. പി. മുഹമ്മദ് :
,, എൻ. ശക്തൻ :

ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാച്ചിമടയിൽ കൊക്കകോളയുടെ ഫാക്ടറി സ്ഥാപിച്ചത് വയൽ നികത്തിയ സ്ഥലത്താണോ;

LIBRARY ARCHIVES Kerala Legislative Assembly